**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5007** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാരപറമ്പ്-നടമ്പാട്ടുതാഴം-കണ്ണാടിക്കൽ-പാലാപ്പടി റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ കാരപറമ്പ്-തടമ്പാട്ടുതാഴം-കണ്ണാടിക്കൽ- പാലാപ്പടി റോഡിന് 01/11/2016-ൽ 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി 2/2/2019-ൽ 20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ സമർപ്പിച്ചതും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സാമ്പത്തികാനുമതി ലഭ്യമാക്കിയതും ch 1/600 മുതൽ ch 3/825 വരെ 18 മീറ്റർ വീതിയിലും ch 3/825 മുതൽ ch.5/309 വരെ 12 മീറ്റർ വീതിയിലുമാണ്. ch. 1/600 മുതൽ ch. 3/825 വരെ 18 മീറ്റർ ഭൂമി ഏറ്റെടുക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ തടമ്പാട്ടുതാഴം മുതൽ കണ്ണാടിക്കൽ വരെയുള്ള ഭാഗം 15 മീറ്റർ വീതി ആക്കണമെന്ന കേരള റോഡ് ഫണ്ട് ബോർഡിന്റെ നിർദ്ദേശം കിഫ്ബിയുടെ പരിഗണനയിലാണ്.** |
| (ബി) | മാളിക്കടവ്-പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡ് പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (ബി) | മാളിക്കടവ്-പുതിയങ്ങാടി-കൃഷ്ണൻ നായർ റോഡ് പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠനത്തിന് VK Consultancy, Thikkodi Kozhikode എന്ന ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | സി.എച്ച്.ഫ്ലൈ ഓവർ നവീകരണ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ? | (സി) | സി.എച്ച്. ഫ്ലൈ ഓവർ നവീകരണ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വെച്ച് 28/01/2023-ന് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന് കീഴിലുള്ള ഫ്ലൈ ഓവറിനു താഴെയുള്ള കടമുറികൾ പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ